# പെരുവയൽ ഗ്രാമപഞ്ചായത്ത്

പി.ഒ.പുവ്വാട്ടുപറമ്പ്, കോഴിക്കോട് - 673008, ഫോൺ: 0495 2492049

*Email : peruvayalpanchayath@gmail.com*


ഫയൽ നമ്പർ : 6112327-2025 തീയ്യതി-18/12/2025

പ്രേഷിതൻ

സെക്രട്ടറി,
പെരുവയൽ ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ബഹു. ഇന്റേണൽ വിജിലൻസ് ഓഫീസർ 2 & കൺവീനർ,
ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി
തദ്ദേശ സ്വയംഭരണ വകുപ്പ്,
കോഴിക്കോട്.

സർ,

വിഷയം: പെരുവയൽ ഗ്രാമപഞ്ചായത്ത് - ഉപജില്ലാ സ്ഥിരം അദാലത്ത് - റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. അങ്ങയുടെ ഓഫീസിലെ 18.12.2025 തീയ്യതിയിലെ IVO.2/2025 നമ്പർ കത്ത്.
2. ഹിയറിംഗ് ഷെഡ്യൂൾഡ് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. പുതിയോട്ടിൽ മനഹ്ലാദക്കുറുപ്പ് എന്നവരുടെ ഡോക്കറ്റ് നം. BPKZD21063000039 നമ്പർ പരാതി.

മേൽ സൂചനയിലേക്ക് സാദരം അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പെരുവയൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി ലഭ്യമാകാത്തതു സംബന്ധിച്ച് ശ്രീ. പുതിയോട്ടിൽ മനഹ്ലാദക്കുറുപ്പ് എന്നവർ സൂചന (2) പ്രകാരം അദാലത്ത് പോർട്ടലിൽ സമർപ്പിച്ച പരാതിയിൽ ബന്ധപ്പെട്ട ഫയൽ / റിപ്പോർട്ടുകൾ സഹിതം 19.12.2025 തീയ്യതിയിൽ രാവിലെ 11 മണിക്ക് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് നടക്കുന്ന ഉപജില്ലാ സ്ഥിരം അദാലത്തിൽ പങ്കെടുക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള അങ്ങയുടെ സൂചന (1) പ്രകാരമുള്ള കത്ത് ലഭ്യമായതിൽ താഴെ പ്രതിപാദിച്ചു പ്രകാരം മറുപടി സമർപ്പിക്കുന്നു.

പെരുവയൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറ്റിക്കാട്ടൂർ വില്ലേജിൽ വെള്ളിപറമ്പ ദേശത്ത് മൂന്ന് പ്ലോട്ടുകളിലായി റീ. സർവ്വേ നം. 105/18,17, 107/25, 107/26 ൽ പെട്ട ആകെ 33.083 ആർസ് വസ്തുവിൽ 441.70 ച.മി ബിൽട്ടപ്പ് ഏരിയയുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി ശ്രീ. പുതിയോട്ടിൽ മനഹ്ലാദക്കുറുപ്പ്,

നന്ദനം, വെള്ളിപറമ്പ്, കോഴിക്കോട് എന്നവർ 21.11.2025 തീയ്യതിയിൽ BPCN-00563471-2025 നമ്പറായി കെ-സ്മാർട്ട് മുഖേന ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

ഡോക്യുമെന്റ് വെരിഫിക്കേഷൻ സമയത്ത്, സമർപ്പിച്ച രേഖകളിലെ ഡീഡ് നം. 381/76 (പ്ലോട്ട് 1) പ്രകാരം റീ. സർവ്വേ നം. 105/18,17 (ഓൾഡ് 105/6) ൽ പെട്ട 3.24 ആർസ് വസ്തുവിന്റെ തരം നഞ്ച എന്നും 24.12.2012 ന് പെരുവയൽ ഗ്രാമ പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതായും കാണുന്നു. 2018 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേതഗതി നിയമ പ്രകാരം ഡാറ്റാ ബാങ്കിൽ വിജ്ഞാപനം ചെയ്ത ഭൂമിയിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർവ്വാഹമില്ലാത്തതിനാൽ കുറ്റിക്കാട്ടൂർ വില്ലേജിൽ വെള്ളിപറമ്പ ദേശത്ത് റീ. സർവ്വേ നം. 105/18,17 (ഓൾഡ് 105/6) ൽ പെട്ട 3.24 ആർസ് വസ്തുവിന്റെ തരം മാറ്റി അപേക്ഷ പുനഃ സമർപ്പിക്കുന്നതിനറിയിച്ച് 22.11.2025 ന് ഫയൽ അപേക്ഷകന് കെ-സ്മാർട്ട് മുഖേന റിട്ടേൺ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയുടെ തരം മാറ്റി അപേക്ഷ പുനഃ സമർപ്പിക്കുന്ന മുറയ്ക്ക് കെ.പി.ബി.ആർ 2019 ചട്ടങ്ങൾക്ക് അനുസൃതമായി കെട്ടിട നിർമ്മാണ അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നുള്ള വിവരം അങ്ങയെ ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി,
പെരുവയൽ ഗ്രാമപഞ്ചായത്ത്

സെക്രട്ടറി
പെരുവയൽ ഗ്രാമ പഞ്ചായത്ത്
പുവ്വാട്ടുപറമ്പ്. പി.ഒ
ഫോൺ 3496048241